കഴിഞ്ഞ 25 കൊല്ലത്തിനുള്ളിൽ പ്രസിദ്ധപ്പെടുത്തിയ മലയാള ഗ്രന്ഥങ്ങളിൽ എന്നെ ഏററവും കൂടുതൽ ആകർഷിച്ചത് 'മലയാള മഹാനിഘണ്ടു'വിൻെറ ഒന്നും രണ്ടും വാല്യങ്ങളാണ്. ഈ പ്രമാണ ഗ്രന്ഥങ്ങൾ, ഇന്ത്യയിലെ ഒരു പ്രാദേശിക ഭാഷയായി മാത്രം അറിയപ്പെട്ടിരുന്ന മലയാളത്തെ ശാസ്ത്രീയമായ അടിസ്ഥാനത്തിൽ അടുക്കും ചിട്ടയും അർത്ഥവൈശദ്യവും പ്രയോഗക്ലിപ്തിയുമുള്ള ഒരു ലോകഭാഷയുടെ നിലയിലേയ്ക്ക് ഉയർത്തുവാൻ സഹായിച്ചു. ഈ മണ്ണിൽ പിറന്ന മനുഷ്യ സന്തതി ആയിരം വർഷങ്ങളായി ആശയവിനിമയത്തിനുപയോഗിച്ചു വരുന്ന ശബ്ദരൂപമായ ഉപകരണത്തിൻെറ ഏററവും സമഗ്രമായ ചിത്രമാണ് അവയിലൂടെ ശ്രീ. ശൂരനാട്ടു കുഞ്ഞൻപിള്ള നല്കിയിരിക്കുന്നത്. പന്ത്രണ്ടു വമ്പിച്ച വാല്യങ്ങളിലുള്ള ഓക്സ്ഫോർഡ് ഇംഗ്ലീഷ് ഡിക്ഷ്ണറിയുടെ മാതൃകയിൽ നിർമിക്കുവാൻ ഉദ്ദേശിച്ച ഈ മഹാഗ്രന്ഥം പൂർത്തിയാക്കുവാൻ ശ്രീ. കുഞ്ഞൻ പിള്ളയെ അധികാരസ്ഥാനങ്ങൾ അനുവദിച്ചില്ലെങ്കിലും 1965–ൽ പ്രസിദ്ധപ്പെടുത്തിയ ഒന്നാം വാല്യത്തിൽ തന്നെ നമ്മുടെ ഭാഷാസംസ്കാരത്തിൻെറയും ശബ്ദാനുസന്ധാനത്തിൻേറയും അതിബലിഷ്ഠങ്ങളായ അടിത്തറകൾ ഉറപ്പിച്ചു കഴിഞ്ഞു എന്ന് സമാധാനിക്കാം.

മററു ഗ്രന്ഥങ്ങളെപ്പററി അഭിപ്രായം പറയുവാൻ എനിക്ക് വളരെ പ്രയാസമുണ്ട്. താൽപര്യത്തിൻെറ പ്രത്യേകതകളും സമയത്തിൻെറ പരിമിതികളും മൂലം വളരെ കുറച്ചു ഗ്രന്ഥങ്ങളേ എനിക്കു വായിക്കുവാൻ സാധിച്ചിട്ടുള്ളു. കഥാസാഹിത്യം മുഴുവനും തന്നെ ഒഴിച്ചു നിർത്തുവാനാണ് ഇടയായത്. പക്ഷേ, അതിൽ അത്ര വലിയ സങ്കടമുണ്ടെന്നും പറയുന്നില്ല. ഭാഷയിലൂടെ കൈവരേണ്ട ബ്രഹ്മാനന്ദ സഹോദരമായ അനുഭൂതി വിശേഷത്തിനു വേണ്ടി ഞാൻ കവിതയെയാണ് ആശ്രയിക്കുന്നത്. ഈ മണ്ഡലത്തിൽ എന്നെ ഏററവും കൂടുതൽ ആകർഷിച്ചത് 1964–ൽ പ്രസിദ്ധപ്പെടുത്തിയ, കുഞ്ഞിരാമൻ നായരുടെ 'പൂക്കളം' എന്ന കൃതിയാണ്. അത് കേരള ലക്ഷ്മിയുടെ കാന്തിനദിയിൽ എന്നെ ആറാടിക്കുന്നു; മലയാള ഭാഷയെ പീയൂഷസാരസർവസ്വമായി രൂപാന്തരപ്പെടുത്തി എൻെറ ചേതനയിൽ ആനന്ദ സേചനം ചെയ്യുന്നു.

**—ഡോ: കെ. ഭാസ്കരൻനായർ**

കഴിഞ്ഞ 25 കൊല്ലത്തിനുള്ളിൽ പ്രസിദ്ധപ്പെടുത്തിയ മലയാള ഗ്രന്ഥങ്ങളിൽ എന്നെ ഏററവും കൂടുതൽ ആകർഷിച്ചത് 'മലയാള മഹാനിഘണ്ടു'വിൻെറ ഒന്നും രണ്ടും വാല്യങ്ങളാണ്. ഈ പ്രമാണ ഗ്രന്ഥങ്ങൾ, ഇന്ത്യയിലെ ഒരു പ്രാദേശിക ഭാഷയായി മാത്രം അറിയപ്പെട്ടിരുന്ന മലയാളത്തെ ശാസ്ത്രീയമായ അടിസ്ഥാനത്തിൽ അടുക്കും ചിട്ടയും അർത്ഥവൈശദ്യവും പ്രയോഗക്ലിപ്തിയുമുള്ള ഒരു ലോകഭാഷയുടെ നിലയിലേയ്ക്ക് ഉയർത്തുവാൻ സഹായിച്ചു. ഈ മണ്ണിൽ പിറന്ന മനുഷ്യ സന്തതി ആയിരം വർഷങ്ങളായി ആശയവിനിമയത്തിനുപയോഗിച്ചു വരുന്ന ശബ്ദരൂപമായ ഉപകരണത്തിൻെറ ഏററവും സമഗ്രമായ ചിത്രമാണ് അവയിലൂടെ ശ്രീ. ശൂരനാട്ടു കുഞ്ഞൻപിള്ള നല്കിയിരിക്കുന്നത്. പന്ത്രണ്ടു വമ്പിച്ച വാല്യങ്ങളിലുള്ള ഓക്സ്ഫോർഡ് ഇംഗ്ലീഷ് ഡിക്ഷ്ണറിയുടെ മാതൃകയിൽ നിർമിക്കുവാൻ ഉദ്ദേശിച്ച ഈ മഹാഗ്രന്ഥം പൂർത്തിയാക്കുവാൻ ശ്രീ. കുഞ്ഞൻ പിള്ളയെ അധികാരസ്ഥാനങ്ങൾ അനുവദിച്ചില്ലെങ്കിലും 1965–ൽ പ്രസിദ്ധപ്പെടുത്തിയ ഒന്നാം വാല്യത്തിൽ തന്നെ നമ്മുടെ ഭാഷാസംസ്കാരത്തിൻെറയും ശബ്ദാനുസന്ധാനത്തിൻേറയും അതിബലിഷ്ഠങ്ങളായ അടിത്തറകൾ ഉറപ്പിച്ചു കഴിഞ്ഞു എന്ന് സമാധാനിക്കാം.

മററു ഗ്രന്ഥങ്ങളെപ്പററി അഭിപ്രായം പറയുവാൻ എനിക്ക് വളരെ പ്രയാസമുണ്ട്. താൽപര്യത്തിൻെറ പ്രത്യേകതകളും സമയത്തിൻെറ പരിമിതികളും മൂലം വളരെ കുറച്ചു ഗ്രന്ഥങ്ങളേ എനിക്കു വായിക്കുവാൻ സാധിച്ചിട്ടുള്ളു. കഥാസാഹിത്യം മുഴുവനും തന്നെ ഒഴിച്ചു നിർത്തുവാനാണ് ഇടയായത്. പക്ഷേ, അതിൽ അത്ര വലിയ സങ്കടമുണ്ടെന്നും പറയുന്നില്ല. ഭാഷയിലൂടെ കൈവരേണ്ട ബ്രഹ്മാനന്ദ സഹോദരമായ അനുഭൂതി വിശേഷത്തിനു വേണ്ടി ഞാൻ കവിതയെയാണ് ആശ്രയിക്കുന്നത്. ഈ മണ്ഡലത്തിൽ എന്നെ ഏററവും കൂടുതൽ ആകർഷിച്ചത് 1964–ൽ പ്രസിദ്ധപ്പെടുത്തിയ, കുഞ്ഞിരാമൻ നായരുടെ 'പൂക്കളം' എന്ന കൃതിയാണ്. അത് കേരള ലക്ഷ്മിയുടെ കാന്തിനദിയിൽ എന്നെ ആറാടിക്കുന്നു; മലയാള ഭാഷയെ പീയൂഷസാരസർവസ്വമായി

രൂപാന്തരപ്പെടുത്തി എൻെറ ചേതനയിൽ ആനന്ദ സേചനം ചെയ്യുന്നു.

**—ഡോ: കെ. ഭാസ്കരൻനായർ**

Digitized by Kerala Sahitya Akademi